ബാറുകൾ രാവിലെ പൂട്ടി: രാത്രി തുറന്നു

തിരുവനന്തപുരം: ബാറുകൾ രാവിലെ പൂട്ടി മുദ്രവെച്ചു. രാത്രി തുറന്ന് വീണ്ടും മദ്യക്കച്ചവടം തുടങ്ങി. ടു, ത്രീ സ്റ്റാർ വിഭാഗത്തിൽപെട്ട 250 ബാറുകളും കോടതിവിധിയെ തുടർന്ന് തുറക്കാൻ എക്സൈസ് കമ്മീഷണർ വെള്ളിയാഴ്ച രാത്രി നിർദേശം നൽകി. ഏഴുമണിയോടെയാണ് ഇതുസംബന്ധിച്ച ഉത്തരവെത്തിയത്.

എക്സൈസ് ഉദ്യോഗസ്ഥർ ബാറുകളിലെത്തി മദ്യം സൂക്ഷിച്ചിരുന്ന സ്ട്രോങ് റൂമുകൾ തുറന്നു കൊടുക്കേണ്ടതുണ്ടായിരുന്നു. വെള്ളിയാഴ്ച രാവിലെയാണ് ബാറുകളിലെ മദ്യശേഖരം പൂട്ടി മുദ്രവെച്ചത്. അബ്കാരി നിയമപ്രകാരം ഉദ്യോഗസ്ഥർ നേരിട്ടെത്തി ഇത് നീക്കം ചെയ്യണം. സ്ട്രോങ് റൂമിന്റെ താക്കോൽ എക്സൈസ് ഉദ്യോഗസ്ഥരുടെ കൈവശമായിരുന്നു.

എക്സൈസ് കമ്മീഷണറുടെ ഉത്തരവ് കിട്ടി അരമണിക്കൂറിനുള്ളിൽ ഭൂരിഭാഗം ബാറുകളും തുറന്നു. രാത്രി പതിനൊന്നുവരെയാണ് ബാറുകളുടെ പ്രവർത്തനസമയം. ഇതിന് മുമ്പ് ഉത്തരവ് നടപ്പാക്കി ബാറുകൾ തുറക്കാനുള്ള തിടുക്കത്തിലായിരുന്നു ഭൂരിഭാഗം ബാറുടമകളും ജീവനക്കാരും. .

സിംഗിൾ ബെഞ്ച് വിധി പ്രകാരം വെള്ളിയാഴ്ച രാവിലെ ബാറുകൾ പൂട്ടി മദ്യശേഖരം തിട്ടപ്പെടുത്തി മുദ്രവെച്ചിരുന്നു. എന്നാൽ ഉച്ചയോടെ ബാറുകൾ തുറക്കാൻ അനുവദിച്ചുകൊണ്ടുള്ള ഡിവിഷൻ ബെഞ്ച് വിധിയെത്തി.

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കാണ് ബാറുകൾ മുദ്രവെയ്ക്കാനുള്ള ചുമതല നൽകിയിരുന്നത്. എന്നാൽ മുദ്രണം നീക്കാൻ എക്സൈസ് ഗാർഡ് മതിയായിരുന്നു.

ബാറുകൾ ഒരുമാസത്തേക്ക് തുറക്കാൻ ഡിവിഷൻ ബെഞ്ച് അനുമതി നൽകിയപ്പോൾതന്നെ മിക്ക ബാറുകളും തുറക്കാനുള്ള ഒരുക്കത്തിലായിരുന്നു. രണ്ട് മദ്യരഹിത ദിവസങ്ങൾ മുന്നിലുള്ളതിനാൽ വൈകിട്ടോടെ ബാറുകൾ തുറക്കുന്നത് പ്രതീക്ഷിച്ച് ആളുകൾ എത്തുകയും ചെയ്തു.

മദ്യനയം: നിയമയുദ്ധം നീളും

അവ്യക്തതകൾക്ക് സർക്കാർ ഉത്തരം നൽകേണ്ടിവരും

അനീഷ് ജേക്കബ്

തിരുവനന്തപുരം: ബാറുകൾ പൂട്ടാനുള്ള കോടതിവിധിയും അത് നടപ്പാകുംമുമ്പേ സ്റ്റേയും വന്നതോടെ മദ്യനയം പ്രായോഗികമാകണമെങ്കിൽ സങ്കീർണമായ നിയമപോരാട്ടം നടത്തേണ്ടിവരുമെന്നുറപ്പായി. മദ്യനയത്തിലും കോടതി വിധിയിലുമുള്ള അവ്യക്തതകൾക്ക് ഉത്തരം കണ്ടെത്തിയേ മദ്യശാലകൾക്ക് താഴ് വീഴൂ. മദ്യനയത്തിൽ വിവേചനമുണ്ടോയെന്നാണ് കോടതി അന്വേഷിക്കുന്ന പ്രധാനപ്രശ്നം.

മദ്യനയം രൂപവത്കരിക്കാൻ സർക്കാരിനാണ് അധികാരം എന്നത് കോടതി അംഗീകരിച്ചു. മദ്യവ്യാപാരം മൗലികാവകാശമെന്ന വാദത്തോട് കോടതി യോജിക്കുന്നുമില്ല. എന്നാൽ ഉയർന്ന നക്ഷത്ര പദവിയുള്ള ബാറുകൾക്ക് മാത്രം അനുമതി നൽകുന്നതിൽ വിവേചനമുണ്ടോയെന്നതാണ് പ്രധാന തർക്കം.

നാല്, അഞ്ച് നക്ഷത്ര ഹോട്ടലുകൾക്കും ഹെറിറ്റേജ് ബാറുകൾക്കും ലൈസൻസ് നൽകുമ്പോൾ ഭാവിയിൽ ഈ പദവി നേടുന്നവയ്ക്ക് ലൈസൻസിന് അർഹതയുണ്ടോയെന്ന ചോദ്യം ഉയരുന്നു. പൂട്ടുന്ന ബാറുകൾ നിലവാരം കൂട്ടി ഉയർന്ന നക്ഷത്രപദവി നേടിയാൽ അവയ്ക്ക് ബാർ ലൈസൻസ് നൽകുമോയെന്ന കാര്യത്തിൽ കോടതിവിധിയും മദ്യനയവും മൗനം പാലിക്കുകയാണ്. പൂട്ടുന്ന ചില ബാറുകൾക്ക് ഇപ്പോൾ തന്നെ ഫോർ സ്റ്റാർ പദവിയുണ്ട്. അവയുടെ കാര്യത്തിലും തീരുമാനം വേണം.

പുതുതായി ഒരു ബാർ ലൈസൻസും നൽകേണ്ടെന്നും ഇപ്പോൾ തന്നെ ആവശ്യത്തിലധികം മദ്യശാലകൾ സംസ്ഥാനത്തുണ്ടെന്നുമായിരിക്കും സർക്കാരിന്റെ വിശദീകരണം. ഈ പദവിയുള്ള മറ്റ് ബാറുകളെ ചൂണ്ടി വിവേചനമെന്ന വാദം ഉയരും. ഇക്കാര്യത്തിൽ നയവും നിയമവും നോക്കി സർക്കാരിന് ഒരു തീരുമാനത്തിൽ എത്തേണ്ടി വരും. ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ബാറുകൾക്ക് മാത്രം അനുമതി നൽകുന്നതിലെ വിവേചനമാണ് ത്രീ സ്റ്റാറുകാർ ചോദ്യം ചെയ്യുന്നത്. ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ത്രീ സ്റ്റാർ ബാറുകൾക്ക് അനുകൂലമാണ്.

ക്ലബ്ബുകൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നതും വിവേചനത്തിന്റെ ഭാഗമായി വരാം. ബിയർ പാർലറുകൾ പുതുതായി അനുവദിക്കുമോയെന്ന ചോദ്യവും പ്രസക്തമാണ്. അങ്ങനെയെങ്കിൽ പൂട്ടുന്ന പല ബാറുകളും പേര് മാറ്റി പാർലറുകളാകും. ഇക്കാര്യങ്ങളിലൊക്കെ സർക്കാരിന് വ്യക്തമായ നയം കോടതിയെ അറിയിക്കേണ്ടിവരും.

നിയമപരമായ കാര്യമായതിനാൽ യു.ഡി.എഫിൽ ഇക്കാര്യങ്ങൾ തീരുമാനിക്കേണ്ടിവരും. നവംബർ അഞ്ചിന് മുന്നണി നേതൃയോഗം ചേരാൻ തീരുമാനിച്ചിരുന്നെങ്കിലും അത് മാറ്റി. കേസ് കോടതിയിലെത്താൻ ഒരുമാസം എടുക്കുമെന്നതിനാൽ ധൃതിയിൽ യോഗം വേണ്ടെന്നാണ് തീരുമാനം. കെ.പി.സി.സി. പ്രസിഡൻറ് വി.എം. സുധീരന്റെ ജനപക്ഷയാത്ര കൊച്ചിയിൽ എത്തുന്ന 23 ന് മുന്നണി യോഗം ചേർന്നേക്കും.

വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകാനാണ് സാധ്യത. നിയമോപദേശത്തിന് ശേഷമെ ഇക്കാര്യത്തിൽ തീരുമാനമാകൂ. രണ്ട് ഘട്ടത്തിലായി വന്ന 668 ബാറുകളുടെ പ്രശ്നത്തിലാണ് ഇനി തീർപ്പുണ്ടാകേണ്ടത്.

ജവാഹർ സ്കൂൾ തുറക്കാനുള്ള ഉത്തരവ് കോടതി റദ്ദാക്കി

കൊച്ചി: കുടപ്പനക്കുന്ന് ജവാഹർ സ്കൂൾ വീണ്ടും തുറക്കാനുള്ള ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. സ്കൂളിന് വേണ്ടത്ര സൗകര്യമില്ലെന്ന ഡി.ഡി.ഇ.യുടെ റിപ്പോർട്ട് വിലയിരുത്തിയാണ് ഇത്. സ്കൂളിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലെന്നും ജസ്റ്റിസ് ഡി. ശേഷാദ്രി നായിഡു വിലയിരുത്തി.

ഒക്ടോബർ 10-ന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഇറക്കിയ ഉത്തരവാണ് കോടതി റദ്ദാക്കിയത്. സ്കൂളിന്റെ പ്രവർത്തനം വിലക്കിക്കൊണ്ടുള്ള സപ്തംബർ 30-ലെ ഉത്തരവ് പ്രാബല്യത്തിൽ വരുമെന്നും കോടതി വ്യക്തമാക്കി. സ്കൂളിലെ കുട്ടികളെ അടുത്തുള്ള എയ്ഡഡ്, സർക്കാർ സ്കൂളുകളിലേക്ക് മാറ്റാൻ പ്രിൻസിപ്പലിന് നിർദേശം നൽകുന്ന ഒക്ടോബർ 14-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനും പ്രാബല്യമുണ്ടാവും.

സ്കൂളിൽ വിദ്യാർഥിയെ നായക്കൂട്ടിലടച്ചെന്ന ആരോപണത്തെക്കുറിച്ച് അഭിപ്രായമൊന്നും പറയുന്നില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. സ്കൂൾ തുറക്കാനുള്ള ഉത്തരവിനെ ചോദ്യം ചെയ്ത് ശിക്ഷിക്കപ്പെട്ട വിദ്യാർഥിയുടെ മാതാവ് എ.സി. സിമി സമർപ്പിച്ച ഹർജിയിലാണിത്.

മഅദനിയുടെ ജാമ്യം ഒരാഴ്ച നീട്ടി

ന്യൂഡൽഹി: പി.ഡി.പി നേതാവ് അബ്ദുൽ നാസർ മഅദനിയുടെ ജാമ്യം ഒരാഴ്ചകൂടി സുപ്രീം കോടതി നീട്ടി. കേസ് വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും.

കേസ് പരിഗണിക്കുന്നത് ഒരാഴ്ച നീട്ടണമെന്ന കർണാടകത്തിന്റെ അപേക്ഷ പരിഗണിച്ചാണ് വെള്ളിയാഴ്ചത്തേക്ക് നീട്ടിയത്. ജസ്റ്റിസുമാരായ ജെ. ചെലമേശ്വർ, എസ്.എ. ബോബ്ഡെ എന്നിവരടങ്ങിയ ബെഞ്ചാണ് ജാമ്യം നീട്ടിയത്. മഅദനിക്കുവേണ്ടി അഡ്വ. ഹാരിസ് ബീരാൻ ഹാജരായി.

രാഷ്ട്രപതിയും സോണിയയും രാഹുലും ശക്തിസ്ഥലിൽ പുഷ്പാർച്ചന നടത്തി

ഇന്ദിരയുടെ ചരമവാർഷികം: അനുസ്മരണം ട്വിറ്ററിലൊതുക്കി മോദി

ന്യൂഡൽഹി: മുൻപ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ മുപ്പതാം ചരമവാർഷികമായ ഒക്ടോബർ 31-ന് അവരുടെ സമാധിയായ ശക്തിസ്ഥലിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തില്ല. എന്നാൽ, രാജ്യത്തെ സ്ത്രീപുരുഷൻമാർക്കൊപ്പം ഇന്ദിരയെ അനുസ്മരിക്കുന്നുവെന്ന് അദ്ദേഹം ട്വീറ്റ് ചെയ്തു.

മോദി ശക്തിസ്ഥലിൽ എത്താഞ്ഞതിനെ കോൺഗ്രസ് വിമർശിച്ചു. മുൻ എൻ.ഡി.എ. സർക്കാറിന്റെ കാലത്ത് പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി ഇന്ദിരയുടെ ചരമവാർഷികത്തിന് ശക്തിസ്ഥലിൽ എത്തി ആദരാഞ്ജലി അർപ്പിച്ചിരുന്നു. മുൻ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്രുവിന്റെ ചരമവാർഷികത്തിലും അദ്ദേഹത്തിന്റെ സമാധിയിൽ ആദരാഞ്ജലിയർപ്പിക്കാൻ മോദി എത്തിയിരുന്നില്ല.

രാഷ്ട്രപതി പ്രണബ് മുഖർജി, ഉപരാഷ്ട്രപതി ഹമീദ് അൻസാരി, കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി, ഉപാധ്യക്ഷൻ രാഹുൽ ഗാന്ധി, മുതിർന്ന കോൺഗ്രസ് നേതാക്കൾ തുടങ്ങിയവർ ശക്തിസ്ഥലിൽ പുഷ്പാർച്ചന നടത്തി.

ശക്തിസ്ഥലിലെ ഇന്ദിര സമാധിയിൽ ആദരാഞ്ജലിയർപ്പിക്കുന്ന കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിയും ഉപാധ്യക്ഷൻ രാഹുൽഗാന്ധിയും

സർദാർ വല്ലഭ്ഭായി പട്ടേലിന്റെ ജന്മദിനവും വെള്ളിയാഴ്ചയായിരുന്നു. ഇത് ദേശീയ ഏകതാദിനമായി ആചരിച്ച എൻ.ഡി.എ. സർക്കാർ ഏകതാ റാലിയും നടത്തി. മോദിയാണ് റാലി ഫ്ലാഗ് ഓഫ് ചെയ്തത്.

ഇന്ദിരയെ അവഗണിച്ച മോദിയുടെ പ്രവൃത്തി നിന്ദാപരവും പക്ഷപാതപരവും നീചമനസ്സിന്റെ പ്രകടനവുമാണെന്ന് കോൺഗ്രസ് പറഞ്ഞു. മോദിയും ബി.ജെ.പിയും എന്താണെന്നാണ് ഈ പ്രവൃത്തി കാണിക്കുന്നതെന്ന് കോൺഗ്രസ് രാജ്യസഭാ ഉപനേതാവ് ആനന്ദ് ശർമ പറഞ്ഞു.

എന്നാൽ, ഒരു നേതാവിന്റെയും പ്രാധാന്യം കുറച്ചുകാട്ടിയിട്ടില്ലെന്നും പട്ടേൽ എല്ലാവർക്കും മാതൃകയാണെന്നും കേന്ദ്രമന്ത്രി വെങ്കയ്യനായിഡു പ്രതികരിച്ചു. കോൺഗ്രസ് ഈ വിഷയം രാഷ്ട്രീയവത്കരിക്കാൻ ശ്രമിക്കുകയാണെന്ന് ബി.ജെ.പി. വക്താവ് നളിൻ കോഹ്‌ലി പറഞ്ഞു.

പട്ടേൽ ഇല്ലായിരുന്നെങ്കിൽ ഗാന്ധിജി അപൂർണൻ -പ്രധാനമന്ത്രി

സ്വന്തം ലേഖകൻ

ന്യൂഡൽഹി: സർദാർ വല്ലഭഭായ് പട്ടേൽ ഇല്ലായിരുന്നെങ്കിൽ മഹാത്മാഗാന്ധി അപൂർണനാകുമായിരുന്നെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പട്ടേലിന്റെ ജന്മദിനത്തിൽ വിജയ് ചൗക്കിൽ സംഘടിപ്പിച്ച ഏകതായാത്ര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

''ദണ്ഡിയാത്ര ആസൂത്രണം ചെയ്യാൻ ഗാന്ധിജി പട്ടേലിനെ ഏൽപ്പിച്ചു. അദ്ദേഹം അത് വിജയകരമാക്കിത്തീർത്തു. സ്വാമി വിവേകാനന്ദനില്ലെങ്കിൽ രാമകൃഷ്ണ പരമഹംസൻ പൂർണനാവില്ല എന്നപോലെ പട്ടേലില്ലായിരുന്നെങ്കിൽ ഗാന്ധിജിയും അപൂർണനാകുമായിരുന്നു. അവരുടെ സവിശേഷമായ കൂട്ടുകെട്ടാണ് സ്വാതന്ത്ര്യസമരപ്പോരാട്ടത്തിന് ശക്തിപകർന്നത്. തന്റെ വൈദഗ്ധ്യം, കാഴ്ചപ്പാട്, ദേശസ്നേഹം എന്നിവയിലൂടെ രാജ്യത്തെ പട്ടേൽ ചേർത്തുനിർത്തി. ഇന്ത്യയെ വെട്ടിമുറിക്കാനുള്ള ബ്രിട്ടീഷ് തന്ത്രത്തെ തകർത്ത അദ്ദേഹം 550 നാട്ടു രാജ്യങ്ങളെ ഒറ്റ ദേശീയതയിൽ വിളക്കിച്ചേർത്തു''-മോദി പറഞ്ഞു.

സിഖ് കൂട്ടക്കൊല രാജ്യത്തിന്റെ ഹൃദയത്തിനേറ്റ മുറിവ്

മുൻപ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ രക്തസാക്ഷിത്വദിനംകൂടിയായിരുന്നു വെള്ളിയാഴ്ചയെങ്കിലും അവരെക്കുറിച്ച് നേരിട്ട് പരാമർശിക്കാൻ പ്രധാനമന്ത്രി തയ്യാറായില്ല. മറ്റേതെങ്കിലും നേതാവിന്റെ സംഭാവനകൾ കുറച്ചുകാണുന്നില്ല എന്നുപറഞ്ഞ അദ്ദേഹം, അവരുടെ വധത്തെത്തുടർന്ന് ഡൽഹിയിലുണ്ടായ സിഖ്‌വിരുദ്ധകലാപം രാജ്യത്തിന്റെ ഐക്യത്തിനേറ്റ മുറിവാണ്.

"രാജ്യത്തിന്റെ ഐക്യത്തിനുവേണ്ടി ജീവിതം സമർപ്പിച്ച നേതാവാണ് പട്ടേൽ. മുപ്പതു വർഷം മുൻപ് അദ്ദേഹത്തിന്റെ ജന്മദിനത്തിൽത്തന്നെ രാഷ്ട്രത്തിന്റെ ഐക്യത്തിന് കനത്ത ആഘാതമായി ചിലത് നടന്നു. നമ്മുടെ ആളുകൾതന്നെ കൊല്ലപ്പെട്ടു. ഏതെങ്കിലും ഒരു സമുദായത്തിന്റെ ഹൃദയത്തിനേറ്റ മുറിവല്ല അത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഏകതാ സങ്കൽപ്പങ്ങൾക്കേറ്റ പ്രഹരമാണ്''- 1984 ൽ ഇന്ദിരാ ഗാന്ധിയുടെ വധത്തെത്തുടർന്ന് നടന്ന സിഖ് വിരുദ്ധകലാപത്തെ പരാമർശിച്ച് മോദി പറഞ്ഞു.

'രാഷ്ട്രീയജീവിതത്തിൽ തടസ്സങ്ങൾ നേരിടുമ്പോഴും ഏകതാ സങ്കൽപ്പത്തിൽ നിന്ന് വ്യതിചലിക്കാൻ പട്ടേൽ തയ്യാറായിട്ടില്ല. അതുപോലൊരു നേതാവിന്റെ ജന്മദിനത്തിൽ ഇത്തരം സംഭവം നടന്നത് നിർഭാഗ്യകരമാണ്.

ദേശീയ അഖണ്ഡതയ്ക്കും ഐക്യത്തിനും പട്ടേൽ നൽകിയ സംഭാവനകളെക്കുറിച്ച് സംസാരിച്ചുകൊണ്ട്, ചരിത്രത്തെ പരിഗണിക്കാത്ത രാഷ്ട്രത്തിന് പുതിയത് സൃഷ്ടിക്കാൻ സാധ്യമല്ലെന്ന് പ്രധാനമന്ത്രി ഓർമിപ്പിച്ചു. ആശയങ്ങളുടെ പരിമിതിയിൽ ചരിത്രവും പൈതൃകവും വിഭജിക്കപ്പെടരുത്.

നെഹ്രുകുടുംബത്തിലെ രാഷ്ട്രീയ നേതാക്കളുടെ ഓർമകൾ കൊണ്ടാടേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഇന്ദിരാ ഗാന്ധിയുടെ സമാധിസ്ഥലത്ത് പ്രധാനമന്ത്രി സന്ദർശനം നടത്തിയില്ല. വാജ്പേയി അടക്കമുള്ള പ്രധാനമന്ത്രിമാർ ഇന്ദിരാഗാന്ധിയുടെ ചരമദിനത്തിൽ സമാധിയിൽ പുഷ്പാർച്ചന നടത്തിയിരുന്നു.

യൂണിയൻ കാർബൈഡ് മുൻ മേധാവി വാറൻ ആൻഡേഴ്സൺ അന്തരിച്ചു

വാഷിങ്ടൺ: ഭോപ്പാൽ വിഷവാതക ദുരന്തമുണ്ടാകുമ്പോൾ യൂണിയൻ കാർബൈഡ് കമ്പനിയുടെ മേധാവിയായിരുന്ന വാറൻ ആൻഡേഴ്സൺ (92) അന്തരിച്ചു. ഫ്ലോറിഡയിലെ വെറോ ബീച്ചിലെ സ്വകാര്യ ആസ്പത്രിയിലായിരുന്നു അന്ത്യം.

നാലായിരത്തോളം പേരുടെ മരണത്തിന് ഇടയാക്കിയ 1984-ലെ ഭോപ്പാൽ വാതക ദുരന്തത്തെത്തുടർന്ന് ഇന്ത്യയിൽ അറസ്റ്റിലായ ആൻഡേഴ്സൺ ജാമ്യം ലഭിച്ചശേഷം രാജ്യം വിടുകയായിരുന്നു. പിന്നീടൊരിക്കലും വിചാരണയ്ക്കായി ആൻഡേഴ്സൺ ഇന്ത്യയിലെത്തിയില്ല. രാജ്യത്തെ ഉന്നതരുടെ ഒത്താശയോടെയാണ് ആൻഡേഴ്സൺ രക്ഷപ്പെട്ടതെന്ന് ആരോപണം ഉയർന്നിരുന്നു. വാതകദുരന്തം നടന്ന് നാലാംദിവസം ഇന്ത്യയിലെത്തിയപ്പോഴാണ് ആൻഡേഴ്സൺ അറസ്റ്റിലായത്.



1992-ൽ ഭോപ്പാൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ആൻഡേഴ്സനെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചു. പിന്നീട് പലവട്ടം വാറന്റ് അയച്ചിട്ടും ആൻഡേഴ്സൺ കോടതിയിൽ ഹാജരായില്ല. തെളിവുകളുടെ അഭാവം ചൂണ്ടിക്കാട്ടി ആൻഡേഴ്സണെ വിട്ടുകൊടുക്കാൻ അമേരിക്കയും തയ്യാറായില്ല.

1921-ൽ സ്വീഡൻ വംശജനായ മരപ്പണിക്കാരന്റെ മകനായി ബ്രൂക്‌ലിനിലായിരുന്നു ആൻഡേഴ്സന്റെ ജനനം. രസതന്ത്രത്തിൽ ബിരുദം നേടി കുറച്ചുകാലം നാവികസേനയിൽ സേവനമനുഷ്ഠിക്കുകയും യുദ്ധപൈലറ്റായി പരിശീലനംനേടുകയും ചെയ്തശേഷമാണ് യൂണിയൻ കാർബൈഡിൽ ചേർന്നത്.

കമ്പനിയിൽ സെയിൽസ്മാനായിട്ടായിരുന്നു തുടക്കം. യൂറോപ്പിലും ലാറ്റിനമേരിക്കയിലും ആഫ്രിക്കയിലും ജോലിചെയ്തു. 1982-ലാണ് കമ്പനിയുടെ ചെയർമാനും ചീഫ് എക്സിക്യൂട്ടീവുമായത്. 1986-ൽ 65-ാം വയസ്സിൽ വിരമിച്ചു.

യൂണിയൻ കാർബൈഡ് ഏറ്റവും വലിയ വളർച്ച കൈവരിച്ചത് ആൻഡേഴ്സന്റെ കാലത്തായിരുന്നു. മുപ്പതോളം രാജ്യങ്ങളിലായി 700 പ്ലാൻറുകളായിരുന്നു അക്കാലത്ത് കമ്പനിക്കുണ്ടായിരുന്നത്. ആ സമയത്താണ് ലോകത്തിലെത്തന്നെ ഏറ്റവും വലിയ വ്യാവസായിക ദുരന്തമായ ഭോപ്പാൽ വാതക ദുരന്തം ഉണ്ടായത്.

വികലമായ വിദ്യാഭ്യാസനയം: സമാന ചിന്താഗതിക്കാരുമായി യോജിച്ച് പ്രവർത്തിക്കും -സുകുമാരൻനായർ

ചങ്ങനാശ്ശേരി: എയ്ഡഡ് വിദ്യാഭ്യാസമേഖലയെ തകർക്കുന്ന സർക്കാരിന്റെ വികലമായ നയങ്ങൾക്കെതിരെ സമാന ചിന്താഗതിക്കാരുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി.സുകുമാരൻനായർ പറഞ്ഞു. എൻ.എസ്.എസ്സിന്റെ 101-ാം പിറന്നാളിൽ പതാകാദിനാചരണത്തിനുശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എയ്ഡഡ് വിദ്യാഭ്യാസമേഖലയെ തകർക്കുന്ന തീരുമാനങ്ങളാണ് ഇന്ന് വിദ്യാഭ്യാസ വകുപ്പിൽനിന്നുണ്ടാകുന്നത്. ഇതിനെതിരെ കോടതിയെ സമീപിക്കുകയാണ് ഇപ്പോൾ എൻ.എസ്.എസ്. ചെയ്യുന്നത്.

സ്വാശ്രയമേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് എൻ.എസ്.എസ്. തയ്യാറല്ല. സാധാരണക്കാരെ ചൂഷണംചെയ്യുന്ന തരത്തിലുള്ള യാതൊരു നടപടിക്കും എൻ.എസ്.എസ്. ഇല്ല. സ്വാശ്രയമേഖലയിൽ എൻ.എസ്.എസ്. ലോ കോളേജ് തുടങ്ങി. ഇവിടെ വിദ്യാർഥികളിൽനിന്ന് അധിക ഫീസ് ഈടാക്കുന്നില്ല.

എൻ.എസ്.എസ്സിന്റെ നൂറ്റിയൊന്നാം പിറന്നാളിൽ പെരുന്നയിലെ മന്നം സമാധിമണ്ഡപത്തിനുമുന്നിൽ ജനറൽ സെക്രട്ടറി ജി.സുകുമാരൻനായർ പതാക ഉയർത്തുന്നു

ഈ സ്ഥാപനത്തിന്റെ നടത്തിപ്പിലൂടെയുണ്ടാകുന്ന സാമ്പത്തികപ്രതിസന്ധി സംഘടന ഏറ്റെടുക്കുകയാണ് ചെയ്യുന്നത്.

എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ മാനേജ്മെൻറുകളും ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ ഒരേ തരത്തിലുള്ളതാണ്. എയ്ഡഡ് മേഖലയെ തകർക്കുന്ന ഉത്തരവുകളാണ് വിദ്യാഭ്യാസവകുപ്പിൽനിന്ന് വരുന്നതെന്നും ജനറൽ സെക്രട്ടറി കുറ്റപ്പെടുത്തി.

എൻ.എസ്.എസ്. ആസ്ഥാനത്ത് നടന്ന പതാകദിനാചരണത്തിൽ, മന്നംസമാധിയിലും ആസ്ഥാനമന്ദിരത്തിന് മുന്നിലും എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി.സുകുമാരൻനായർ പതാകയുയർത്തി. പതാകയുയർത്തിയ ശേഷം ജനറൽ സെക്രട്ടറി ചൊല്ലിക്കൊടുത്ത പ്രതിജ്ഞ സംഘടനാനേതാക്കളും സമുദായാംഗങ്ങളും ഏറ്റുചൊല്ലി. നായകസഭാംഗം ഹരികുമാർ കോയിക്കൽ, കരയോഗം രജിസ്ട്രാർ കെ.എൻ.വിശ്വനാഥൻ പിള്ള, മാനവവിഭവശേഷി വകുപ്പ് മേധാവി കെ.ആർ.രാജൻ, മന്നം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി വി.വി.ശശിധരൻനായർ, ഹെഡ്ഓഫീസ് ജീവനക്കാർ, താലൂക്ക്, കരയോഗ യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

സി.പി.എമ്മിന്റെ ശുചീകരണ പ്രസ്ഥാനം ഇന്നുമുതൽ

175 കേന്ദ്രങ്ങളിലായി 25,000 പ്രവർത്തകർ പങ്കെടുക്കും

തിരുവനന്തപുരം: ശുചിത്വ കേരളത്തിനുവേണ്ടി സി.പി.എം. പ്രഖ്യാപിച്ച ജനകീയ പ്രസ്ഥാനത്തിന് ശനിയാഴ്ച തുടക്കമാകും.

കേരളപ്പിറവി ദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ 175 കേന്ദ്രങ്ങളിൽ സി.പി.എം. പ്രവർത്തകർ ശുചീകരണത്തിനായി ഇറങ്ങും. ജില്ലയൊട്ടാകെ 25,000 പ്രവർത്തകരെ ഇതിൽ പങ്കാളികളാക്കാനാണ് പാർട്ടി തീരുമാനിച്ചിരിക്കുന്നത്.

സി.പി.എം., സി.ഐ.ടി.യു., ഡി.വൈ.എഫ്.ഐ. എന്നീ സംഘടനകൾക്ക് പുറമേ എൻ.ജി.ഒ. യൂണിയൻ, കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി.ഒ.എ), കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (കെ.എസ്.ടി.എ) തുടങ്ങിയ സർവീസ് സംഘടനകളും പരിപാടിയിൽ പങ്കാളികളാകുമെന്ന് സി.പി.എം. ജില്ലാ സെക്രട്ടറി കടകംപള്ളി സുരേന്ദ്രൻ അറിയിച്ചു.

ശുചീകരണത്തിന് സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ, പി.ബി. അംഗം കോടിയേരി ബാലകൃഷ്ണൻ, ഡോ. തോമസ് ഐസക് എന്നിവർ നേരിട്ട് നേതൃത്വം നൽകും.

പിണറായി വിജയൻ ജഗതിയിലും കോടിയേരി മെഡിക്കൽ കോളേജിലും തോമസ് ഐസക് എരുമക്കുഴിയിലുമാണ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

മാണിക്ക് പണം നൽകിയെന്ന് ബാറുടമ

ആരോപണം വ്യാജമെന്ന് മാണി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: 418 ബാറുകളുടെ ലൈസൻസ് പുതുക്കാൻ ധനമന്ത്രി കെ.എം. മാണി ഒരു കോടി രൂപ വാങ്ങിയെന്ന് ബാർ ഉടമയും അസോസിയേഷൻ നേതാവുമായ ഡോ.ബിജു രമേശ് ആരോപിച്ചു.

എന്നാൽ ഈ ആരോപണം വ്യാജവും കെട്ടിച്ചമച്ചതും വൻഗൂഢാലോചനയുടെ ഭാഗവുമാണെന്ന് മന്ത്രി കെ.എം. മാണി അറിയിച്ചു.

വെള്ളിയാഴ്ച രാത്രി വാർത്താചാനലുകളിലൂടെയാണ് ബിജുരമേശ് മാണിക്കെതിരെ ആരോപണമുന്നയിച്ചത്. പാലയിൽ മാണിയുടെ വീട്ടിൽവെച്ചാണ് പണം കൈമാറിയതെന്നാണ് ആരോപണം.

അഞ്ചുകോടി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഒരു കോടി മാത്രമാണ് നൽകിയത്. ഇതിനിടെ വി.എം. സുധീരൻ ഇടപെട്ട് ബാർലൈസൻസ് പുതുക്കരുതെന്ന് ആവശ്യപ്പെട്ടതോടെ ബാക്കി തുക നൽകിയാലും ഫലമില്ലെന്ന് വ്യക്തമായി. അതുകൊണ്ടാണ് നാലുകോടി പിന്നീട് നൽകാത്തതെന്നും ബിജു രമേശ് പറഞ്ഞു. താൻ പറഞ്ഞ കാര്യങ്ങളിൽ ഏതു തരത്തിലുള്ള അന്വേഷണത്തിനും തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, ബാർ വിഷയവുമായി ബന്ധപ്പെട്ട് തനിക്കെതിരെ ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതവും ദുരുദ്ദേശപരവുമാണെന്ന് മന്ത്രി മാണി പത്രക്കുറിപ്പിൽ പറഞ്ഞു. ഇതിന് പിന്നിൽ വലിയൊരു ഗൂഢാലോചനയുണ്ട്. മദ്യനിരോധനം പടിപടിയായി നടപ്പാക്കണമെന്നാണ് കേരളാ കോൺഗ്രസ്സിന്റെ നിലപാട്. എന്നിരിക്കെ ലൈസൻസ് പുതുക്കേണ്ടതില്ലെന്ന മന്ത്രിസഭാ തീരുമാനത്തിന് പിന്നിൽ താനാണെന്ന ധാരണയിൽ കെട്ടിച്ചമച്ച ആരോപണമാണിത്. ബാർ ലൈസൻസ് ധനമന്ത്രിയുടെ അധികാരപരിധിയിൽ പെട്ടതല്ല - മന്ത്രി മാണി ചൂണ്ടിക്കാട്ടി.

കേരളത്തിൽ രാഷ്ട്രീയമാറ്റമുണ്ടാകുന്നത് തടയാൻ വേണ്ടി നടക്കുന്ന ഗൂഢാലോചനയാണ് ഈ ആരോപണത്തിന് പിന്നിലെന്ന് ഗവ. ചീഫ് വിപ്പ് പി.സി.ജോർജ് ചാനലുകളോട് പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞിട്ടാണ് ബിജുരമേശ് ഈ ആരോപണമുന്നയിക്കുന്നതെന്നും പി.സി. ജോർജ് പറഞ്ഞു.

ടി.പി., ജയകൃഷ്ണൻ വധക്കേസുകൾ സി.ബി.ഐ. അന്വേഷിക്കില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: ആർ.എം.പി. നേതാവ് ടി.പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട പ്രധാന കേസും യുവമോർച്ചാ നേതാവ് കെ.ടി. ജയകൃഷ്ണൻ വധക്കേസും സി.ബി.ഐ അന്വേഷിക്കില്ലെന്ന് കേന്ദ്രം വ്യക്തമാക്കി.

മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി. പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് നൽകിയ കത്തിന് നൽകിയ മറുപടിയിൽ പേഴ്സണൽമന്ത്രി ജിതേന്ദ്രസിങ്ങാണ് ഇക്കാര്യം അറിയിച്ചത്. ടി.പി. കേസിൽ വിചാരണ നടത്തി പ്രതികളെ ശിക്ഷിച്ചു കഴിഞ്ഞതായും വീണ്ടും സി.ബി.ഐ അന്വേഷിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനം ഉണ്ടാകില്ലെന്നും മന്ത്രി മുല്ലപ്പള്ളിക്ക് അയച്ച കത്തിൽ പറയുന്നു. ജയകൃഷ്ണൻവധക്കേസിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവരെ കോടതി ശിക്ഷിച്ചുകഴിഞ്ഞു. 14 വർഷം മുമ്പ് നടന്ന ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സി.ബി.ഐക്ക് പരിമിതിയുണ്ട്-കത്തിൽ മന്ത്രി പറയുന്നു.

തീരുമാനം പുനഃപരിശോധിക്കണം -മുല്ലപ്പള്ളി

തീരുമാനം പുനഃപരിശോധിക്കണമെന്നും ടി.പി വധക്കേസിലെ ഗൂഢാലോചന അടക്കമുള്ള കാര്യങ്ങളെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് വീണ്ടും കേന്ദ്രത്തെ സമീപിക്കുമെന്ന് മുല്ലപ്പള്ളി പറഞ്ഞു.

കതിരൂർ മനോജ് വധക്കേസ് സി.ബി.ഐ ഏറ്റെടുക്കുന്നതിൽ കാട്ടിയ താത്പര്യം ഈ കേസുകളിലും ഉണ്ടാകണം. ടി.പി വധക്കേസിൽ വാടകക്കൊലയാളികൾ മാത്രം ജയിലിൽ കിടക്കുന്നതിൽ കാര്യമില്ല. രാഷ്ട്രീയഗൂഢാലോചന പുറത്തുവരണം -അദ്ദേഹം പറഞ്ഞു.

മരുന്നില്ല; വൃക്കരോഗികൾ ആശങ്കയിൽ

കണ്ണൂർ: ഡയാലിസിസിന് ആവശ്യമായ വൃക്കരോഗികൾക്കു വേണ്ട 'എരിത്രോപോയിറ്റിൻ' എന്ന മരുന്നിന് കാരുണ്യ ഫാർമസിയിൽ പെട്ടെന്നുണ്ടായ ക്ഷാമം രോഗികളെ ദുരിതത്തിലാക്കി.

പരിയാരം മെഡിക്കൽകോളേജിൽ മാത്രം നൂറോളം രോഗികൾക്ക് ഡയാലിസിസ് വേണ്ടിവരുന്നുണ്ട്. കാരുണ്യ ഫാർമസിവഴി വില കുറച്ച് ലഭിക്കുന്ന എരിത്രോപോയിറ്റിൻ എന്ന മരുന്നിന്റെ ബ്രാൻഡായ 'റിപ്പോയിറ്റിൻ' ഇഞ്ചക്ഷന് ഒന്നിന് 210 രൂപയാണ് വില.

പുറത്ത് മൂന്നിരട്ടിയോളം രൂപ വിലയുണ്ട്. ആഴ്ചയിൽ ഒന്നുപ്രകാരം 121 ഇഞ്ചക്ഷൻ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് വേണ്ടിവരും. വൃക്കരോഗികൾക്ക് സർക്കാർ സഹായമായി ലഭിക്കുന്ന രണ്ടു ലക്ഷം രൂപയിൽനിന്ന് നിശ്ചിതശതമാനം പണം ഈ മരുന്നിനാണ് വേണ്ടിവരുന്നത്. മരുന്നിന് പെട്ടെന്ന് ക്ഷാമം വരാനുള്ള കാരണത്തിനുപിന്നിൽ ദുരൂഹതയുണ്ടെന്നാണ് രോഗികൾ പറയുന്നത്. പുറത്ത് ഈ മരുന്നിന് വൻതുക കൊടുക്കേണ്ടതുണ്ട്. പകരം വേണ്ടുന്ന 'എപ്പോജിൻ' എന്ന ബ്രാൻഡിനും വില കൂടുതലാണ്.

ബി.പി.എൽ. കാർക്ക് ഇന്നുമുതൽ സൗജന്യ അർബുദ ചികിത്സ

തിരുവനന്തപുരം: സംസ്ഥാനത്ത് ശനിയാഴ്ചമുതൽ ബി.പി.എൽ. കാർക്ക് അർബുദ ചികിത്സ സൗജന്യമാവും. ആരോഗ്യ ഇൻഷുറൻസിന്റെ ആർ.എസ്.ബി.വൈ/ ചിസ് പ്ലസ് കാർഡുള്ളവർക്കും സൗജന്യ ചികിത്സയ്ക്ക് അർഹതയുണ്ട്. ചികിത്സാ തുക മടക്കിക്കിട്ടാൻ സാധ്യതയുള്ളതും മറ്റേതെങ്കിലും ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ ബി.പി.എൽ. കാരെ പദ്ധതിയിൽ ഉൾപ്പെടുത്തില്ല. ജനറിക് മരുന്നുകൾ മാത്രമേ ചികിത്സയ്ക്ക് ഉപയോഗിക്കാവു എന്ന് നിർദേശിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സൗജന്യ അർബുദ ചികിത്സാ പദ്ധതിയായ സുകൃതത്തിന്റെ ആനുകൂല്യം ഭാവിയിൽ എല്ലാവർക്കും ലഭ്യമാകുംവിധമാണ് ആവിഷ്കരിച്ചിട്ടുള്ളത്. ശനിയാഴ്ച മുതൽ തിരുവനന്തപുരം ആർ.സി.സി, മലബാർ കാൻസർ സെൻറർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

ഈ ആശുപത്രികളിൽ അർബുദ ചികിത്സാ മരുന്നുകൾ വാങ്ങി സംഭരിക്കാൻ മെഡിക്കൽ സർവീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനറിക് മരുന്നുകളുടെ പട്ടിക തയ്യാറാക്കാനായി മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ അധ്യക്ഷനും ആശുപത്രി പ്രതിനിധികൾ അംഗങ്ങളുമായ ഉപസമിതി രൂപവത്കരിച്ചിട്ടുണ്ട്.

അത്യാവശ്യ ഘട്ടങ്ങളിൽ മരുന്നുവാങ്ങാൻ അതത് സ്ഥാപന മേധാവികളുടെ വിനിയോഗത്തിനായി സഞ്ചിതനിധി ഉണ്ടാകും. ജനറിക് മരുന്നുകളും ഉപകരണങ്ങളും വാങ്ങാൻ മാത്രമേ ഈ തുക ഉപയോഗിക്കാവു എന്നും അർബുദ ചികിത്സയ്ക്കുള്ള ബ്രാൻഡഡ് മരുന്നുകൾ ഒരു കാരണവശാലും സ്ഥാപനമേധാവികൾ വാങ്ങരുതെന്നും നിർദേശിച്ചിട്ടുണ്ട്.

സ്ഥാപനങ്ങൾക്ക് ആവശ്യമായ സി.ടി. സ്കാനറുകൾ, ലീനിയർ ആക്സിലിറേറ്ററുകൾ എന്നിവ വാങ്ങാനും പ്രത്യേകം പണം നൽകും. രോഗനിർണയം, ചികിത്സ, വാർഡ് ചാർജ്, സർജറി, റേഡിയേഷൻ, രക്തഘടകങ്ങൾ തുടങ്ങിയവയെല്ലാം സൗജന്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചികിത്സാവിധികൾ നിർണയിക്കാനും ഡോക്ടർമാരുടെ പ്രത്യേക സമിതി പ്രവർത്തിക്കുന്നുണ്ട്.